നമ്പർ: സി,ജി (2) 24497/04 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 31/3/05.

സർക്കുലർ നമ്പർ11/05

വിഷയം: കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസം) ആക്ട് 2001 - വയനാട് ജില്ല -കാർഷിക കടങ്ങൾക്ക് പലിശ ബാദ്ധ്യത- ഗവൺമെന്റ് ഏറ്റെടുക്കുന്നത്- കർഷകർക്ക് പലിശ ഇളവ് -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) സഹകരണസംഘം രജിസ്ട്രാറുടെ28/9/04ലെ 37/04-ാം നമ്പർ സർക്കുലർ

2)18/3/05/ലെ 1958/ സി3/05/ സഹ നമ്പർ സർക്കാർ കത്ത്

സൂചന (1) സർക്കുലറിൽ രണ്ടാമത്തെ പേജിൽ (ഖണ്ഡിക 7 നു താഴെ ) ഈപദ്ധതി അനുസരിച്ച് എന്നു തുടങ്ങുന്ന ഖണ്ഡിക സൂചന(2) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കുന്ന രീതിയിൽ മാറ്റം വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

“ഈ പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കേണ്ട കർഷകർ ടി ആക്ടിലെ ചട്ടം 5(1) അനുസരിച്ച് കടം എടുത്തിട്ടുള്ള സഹകരണസംഘത്തിന് 15/10/04 നകം അപേക്ഷ നൽകണം. ടി അപേക്ഷ സഹകരണസംഘത്തിന് നൽകേണ്ട കൃത്യമായ തുക. ഗഡുക്കളായി വീട്ടുന്നതിന് ഉദ്ദേശിക്കുന്ന കാലാവധി എന്നിവ ചട്ടം 5(2)പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു. അപേക്ഷകൻ കർഷകനാണെന്നും അടയ്ക്കേണ്ട കടം കാർഷിക കടമാണെന്ന കാര്യവും പരിശോധിക്കേണ്ടത് ചട്ടം 5(3) പ്രകാരം സഹകരണസംഘത്തിന്റെ ചുമതലയാണ്. യോഗ്യമായ അപേഷകൾക്ക് നിയമത്തിന്റെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് സഹകരണസംഘം ചട്ടം 5(4) പ്രകാരം അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കകം തീരുമാനം എടുക്കണം. ഇങ്ങനെ എടുത്ത തീരുമാനങ്ങൾ ചട്ടം 5 (5) അനുസരിച്ച് 15 ദിവസത്തിനുള്ളിൽ വയനാട് ജില്ലാ ജനറൽ വിഭാഗം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർക്കും , ജില്ലാ കളക്ടർക്കും എത്തിച്ചിരിക്കേണ്ടതാണ്.

ഒപ്പ്

കെ. കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്.

1) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ
2) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ/ആഡിറ്റ്)മാനന്തവാടി, വൈത്തിരി, സുൽത്താൻ ബത്തേരി.

3) അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വകസന ബാങ്ക് പനമരം വൈത്തിരി.

4) എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും.

5) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).

പകർപ്പ്:

1) ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് തിരുവനന്ത പുരം (ആവരണ കത്തുസഹിതം)

2) ഗവൺമെന്റ് സെക്രട്ടറി, കൃഷി വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് തിരുവനന്ത പുരം(ആവരണ കത്തു സഹിതം)

3) ജില്ലാ കളക്ടർ, വയനാട്. (ആവരണ കത്ത് സഹിതം).

4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.

5) മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

6) ജനറൽ മാനേജർ, ജില്ലാ സഹകരണബാങ്ക്.

7) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (ആവരണ കത്തു സഹി തം).

8) ജില്ലാ ഇൻഫർമേഷൻ ആഫീസർ, വയനാട്.

9) എഡിറ്റർ സഹകരണവീഥി.

10) എഡിറ്റർ സഹകരണ ജേർണൽ

11) സ്റ്റോക്ക് ഫയൽ

12) സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

കെ. ജെ. 3/5/05.